OFFICE OF THE COCHIN DEVASWOM BOARD
Round North, Thrissur – 680 001
PH: 2331124, 2327028 FAX : 2335874, 2327029
E-mail. admin @cochindevaswomboard.org


No.A9-1898/23 dt. 21/02/2023

## ടെണ്ടർ പരസ്യം

കൊച്ചിൻ ദേവസ്വം ബോർഡ് ഓഫീസിൽ നിന്ന് എല്ലാവരും അറിയുന്നതിനായി പ്രസിദ്ധപ്പെടുത്തുന്നത്.

തിരുവഞ്ചിക്കുളം ഗ്രൂപ്പ് ശ്രീകുരുംബ ഭഗവതി ക്ഷേത്രത്തിലെ 1198 എം.ഇ. മീനഭരണിയോടനുബന്ധിച്ച് കോഴിക്കല്ല് മൂടുന്ന ദിവസം മുതൽ ഭരണി നാൾ വരെ ക്ഷേത്രത്തിൽ വഴിപാടായി ലഭിക്കുന്ന കോഴികൾ അതാത് ദിവസം തൂക്കം എടുത്ത് കൊണ്ടുപോകുന്നതിനുള്ള അവകാശം കൊച്ചിൻ ദേവസ്വം ബോർഡ് ഓഫീസിൽ വെച്ച് സീൽഡ് ടെണ്ടർ സ്വീകരിച്ച് അവകാശം ഏൽപ്പിക്കുവാൻ തീരുമാനിച്ചിരുക്കുന്നു.

ടെണ്ടറിൽ കോഴി കിലോ.ഗ്രാം 1 ക്ക് എന്ത് വിലയ്ക്ക് എടുക്കാമെന്ന് രേഖപ്പെടുത്തേണ്ടതാണ്. ടെണ്ടറിൽ പങ്കെടുക്കാൻ ആഗ്രിക്കുന്നവർ സ്ഥലത്തും സമയത്തും ഹാജരാകേണ്ടതും, ടെണ്ടറിനോടൊപ്പം നിരതദ്രവ്യമായി 20,000/- ക യുടെ ഡി ഡി ദേവസ്വം കമ്മീഷണർ കൊച്ചിൻ ദേവസ്വം ബോർഡ്, തൃശൂർ (തൃശൂരിൽ മാറാവുന്നത്) എന്ന പേരിൽ സമർപ്പിക്കേണ്ടതാണ്. ടെണ്ടറുകൾ 04/03/2023 പകൽ 11.30 വരെ രജിസ്ട്രേഡ് തപാൽ വഴിയും നേരിട്ടും ഈ ഓഫീസിൽ സ്വീകരിക്കുന്നതാണ്. ടെണ്ടറുകൾ കൊച്ചിൻ ദേവസ്വം ബോർഡോഫീസിൽ വെച്ച് പകൽ 11.30 ക്ക് ശേഷം തുറക്കുന്നതാണ്.

നിരതദ്രവ്യം ഡി ഡി അടക്കം ചെയ്യാതെ ടെണ്ടറുകൾ നിരസിക്കുന്നതാണ്. ഏറ്റവും കൂടുതൽ സംഖ്യയ്ക്ക് ടെണ്ടർ സമർപ്പിച്ചിട്ടുള്ള വ്യക്തിയുടെ പേരിൽ ടെണ്ടർ താൽക്കാലികമായി ഉറപ്പിക്കുന്നതും ബഹു.ബോർഡിന്റെ അംഗീകാരത്തിന് വിധേയമായി സംഖ്യ തൂക്കം അനുസരിച്ച് സംഖ്യ അപ്പപ്പോൾ ശ്രീദേവസ്വത്തിൽ അടച്ച് രശീതി ടെണ്ടറുകാരൻ വാങ്ങേണ്ടതുമാണ്. ടെണ്ടർ കൊണ്ട വ്യക്തി ടി അവകാശം കൈമാറ്റം ചെയ്യുകയോ, കോഴികളെ വിൽക്കുന്ന സംഗതിയിൽ ആക്ഷേപത്തിന് ഇടവരുത്തുകയോ ചെയ്താൽ ടിയാന്റെ നിരതദ്രവ്യം സംഖ്യ പിഴയായി ദേവസ്വത്തിലേയ്ക്ക് മുതൽകൂട്ടി ടിയാന്റെ അവകാശം റദ്ദ് ചെയ്യുന്നതും ദേവസ്വത്തിന് യുക്തമെന്ന് തോന്നുന്ന മറ്റു നിയമനടപടികൾ സ്വീകരിക്കുന്നതുമാണ്. ടെണ്ടർ കവറിനു മുകളിൽ **മീനഭരണി കോഴി ലേലം 2023** എന്ന് രേഖപ്പെടുത്തേണ്ടതാണ്.

ടെണ്ടറുകാരൻ അതാത് ദിവസം വരുന്ന കോഴികളെ അന്നേ ദിവസംതന്നെ വൈകുന്നേരത്തിനുള്ളിൽ, ഒന്നിച്ചോ പലപ്പോഴായോ തൂക്കം വാങ്ങേണ്ടതും, ആയതിന്റെ വില കണക്കാക്കി തൽസമയം തന്നെ ദേവസ്വത്തിൽ അടക്കേണ്ടതുമാണ്.

ടെണ്ടർ വകുപ്പിന് ഗുണകരമല്ലെന്നു കാണ്ടാൽ വേണ്ടെന്നു വെക്കുന്നതിനോ, യുക്തമെന്ന് തോന്നുന്ന മറ്റുനടപടികൾ സ്വീകരുക്കുന്നതിനോ താഴെ ഒപ്പിടുന്ന ആൾക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.

ഈ ലേലത്തെകുറിച്ച് കൂടുതൽ വിവരങ്ങൾ അറിയുവാൻ ആഗ്രഹിക്കുന്നവർ കൊച്ചിൻ ദേവസ്വം ബോർഡ് ഓഫീസിലോ, തിരുവഞ്ചിക്കുളം അസിസ്റ്റന്റ് കമ്മീഷ്ണർ ഓഫീസിലോ, ശ്രീദേവസ്വം ഓഫീസിലോ, പ്രവൃത്തി സമയങ്ങളിൽ അന്വേഷിച്ചാൽ അറിയാവുന്നതാണ്.

തൃശൂർ
21/02/2023

ദേവസ്വം കമ്മീഷ്ണർ (ഇൻചാർജ്ജ്)
കൊച്ചിൻ ദേവസ്വം ബോർഡ്